# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം -33)*

( ഹാജർ : ശ്രീമതി കെ.ബി.വത്സലകുമാരി, ഐ.എ.എസ് )

**എൽ.ആർ(റ്റി)1- 54087/11** **തീയതി : 08.12.2011**

വിഷയം:- ജീവനക്കാര്യം - ലാന്റ് റവന്യൂ വകുപ്പ് - കേരള റവന്യൂ സബോർഡിനേറ്റ് സർവീസ് -1.1.1998-മുതൽ 31.12.2008 -വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി തഹസിൽദാർമാരുടെ പുതുക്കിയ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനമാക്കി അപ്രൂവ്ഡ് പ്രൊബേഷണർമാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

വായന :-

1) ജി.ഒ.(പി) നം.853/80/ആർ.ഡി തീയതി 16-06-1980 പ്രകാരമുള്ള കേരള റവന്യൂ സർവീസ് സ്പെഷ്യൽ റൂൾ,1980
2) ജി.ഒ.(പി) നം.852/80/ആർ.ഡി തീയതി 16.06.1980 പ്രകാരമുള്ള കേരള റവന്യൂ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ,1980
3) ജി.ഒ.(പി) നം.601/85/ആർ.ഡി തീയതി 12.06.1985 പ്രകാരമുള്ള കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ,1985
4) ലാന്റ് റവന്യൂ കമ്മീഷണറുടെ 01.12.2011 തീയതിയിലെ LR(T)1-2001/2011 നമ്പർ നടപടിക്രമം
5) WA-789/88 നമ്പർ കേസിലെ 21.3.91-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം
6) WA-162/91 നമ്പർ കേസിൽ 6.4.95-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
7) OP- 22276/98(B), 22193/98 എന്നീ കേസുകളിൽ 14.9.99-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
8) ഈ കാര്യാലയത്തിലെ 16.5.2001-ലെ LR(T)1-33923/99 നമ്പർ നടപടിക്രമം.
9) WP(C) No.19076/2008 നമ്പർ കേസിൽ 26.3.2009-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
10) 16.2.2009-ലെ 8910/C2/2009/RD നമ്പർ സർക്കാർ കത്ത്.
11) 31.7.2009-ലെ 19800/C3/2008/RD നമ്പർ സർക്കാർ കത്ത്.
12) 22.1.2011-ലെയും 26.11.2011-ലെയും ലാന്റ് റവന്യൂ കമ്മീഷണറുടെ LR(T)1-2001/11നം. ഫയലിലെ ഉത്തരവ് പ്രകാരം അംഗീകരിച്ച മാനദണ്ഡങ്ങൾ.
13) WP(C)1364/2011,22070/2006,35189/2009,35783/2009, 37117/2009, 11101/2010,11873/2010 എന്നീ കേസുകളിൽ 06-09-2011-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
14) WP(C) നം.7711/09, 29910/08എന്നീ കേസുകളിൽ 27-09-2011-ലെ ബഹു: ഹൈക്കോടതിയുടെ വിധിന്യായം.
15) 03.08.2011-ലെ 29738/C2/2011/RD നമ്പർ സർക്കാർ കത്ത്.
16) 18.10.2011-ലെ 29738/C2/2011/RD നമ്പർ സർക്കാർ കത്ത്.
17) 24.10.2011-ലെ 59035/C2/2011/RD നമ്പർ സർക്കാർ കത്ത്.
18) 14.11.2011-ലെ 59035/C2/2011/RD നമ്പർ സർക്കാർ കത്ത്.
19) ഈ കാര്യാലയത്തിലെ 06-12- 2011-ലെ LR(E)5-53738/ 2011 നമ്പർ നടപടിക്രമം.

വായന (6) പ്രകാരമുള്ള കോടതിവിധി അനുസരിച്ച് 8.3.93-മുതലുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശമുണ്ടായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വായന (8)

പ്രകാരം 8.3.93-മുതൽ 31.12.1997-വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

2. വായന (4) പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടു മാരുടെ 1.1.98-മുതൽ 31.12.2008-വരെയുള്ള കാലയളവിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

3. ബന്ധപ്പെട്ട പൊതുചട്ടങ്ങൾ,സ്പെഷൽ റൂളുകൾ, കോടതി വിധികൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനും വായന (10),(11),(15),(16),(17),(18) എന്നിവ പ്രകാരം സർക്കാർ ആവശ്യമായ നിർദ്ദേശങ്ങളും സ്പഷ്ടീകരണങ്ങളും നൽകിയിട്ടുണ്ട്.

4. വായന (19) പ്രകാരം വായന (4) പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

5. അതനുസരിച്ച്, വായന (4) പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട കേരള റവന്യൂ സബോർഡിനേറ്റ് സർവീസിലെ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും 30.11.2011 തീയതി വരെയുള്ള അപ്രൂവ്ഡ് പ്രൊബേഷണർമാരുടെ ലിസ്റ്റ് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ആവശ്യത്തിലേക്ക് അനുബന്ധമായി ചേർത്ത് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. അതോടൊപ്പം ടി ലിസ്റ്റിലുൾപ്പെട്ട ജീവനക്കാർക്ക് ഇതിന് മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള അപ്രൂവ്ഡ് പ്രൊബേഷണേഴ്സ് ലിസ്റ്റുകളിൽ നൽകിയിട്ടുള്ള സ്ഥാനങ്ങൾ ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഒപ്പ്
**കമ്മീഷണർ.**

<u>പകർപ്പ്</u>:

1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്,
   സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) കമ്മീഷണറുടെ സി.എ.യ്ക്ക്.
3) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
4) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ) :- അനന്തരനടപടികൾക്കായി
5) സൂപ്രണ്ട്, ഇ സെക്ഷൻ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.